# Desabhimani
# 24 July 2018
# Alappuzha, Flood, Relief Camps

## ആലപ്പുഴയിൽ 350 ലധികം ദുരിതാശ്വാസ ക്യാമ്പ്

സ്വന്തം ലേഖകൻ

**ആലപ്പുഴ**

കാലവർഷം ശക്തമായതിനെ തുടർന്ന് ആലപ്പുഴ ജില്ലയിൽ ആരംഭിച്ചത് 470 ലധികം കഞ്ഞിവയ്പു കേന്ദ്രങ്ങളും 350 ലധികം ദുരിതാശ്വാസ ക്യാമ്പുകളും. ഒരു ലക്ഷത്തിലധികം വീടുകളാണ് ജില്ലയിൽ തകർന്നത്.

മന്ത്രി ജി സുധാകരന്റെ നേതൃത്വത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ അടിയന്തരയോഗം ചേർന്നു. കലക്ടറേറ്റിലും താലൂക്ക് ഓഫീസുകളിലും കൺട്രോൾ റൂമുകൾ തുറന്നു. റവന്യു, ആരോഗ്യ, കൃഷി, ഭക്ഷ്യ, മൃഗസംരക്ഷണ വകുപ്പുകളും പൊലീസ്, അഗ്നിശമന സേനകളും ഒറ്റക്കെട്ടായി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് രംഗത്തുണ്ട്. റവന്യു ഓഫീസുകളുടെ പ്രവർത്തനം ഞായറാഴ്ചയും ഉറപ്പാക്കി. കുട്ടനാട്ടിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഡെപ്യൂട്ടി കലക്ടർക്കാണ് ചുമതല.

ക്യാമ്പുകളിൽ കുടിവെള്ളവും അരിയും പച്ചക്കറികളും പലവ്യഞ്ജനങ്ങളും ഉറപ്പാക്കി. ഉൾപ്രദേശങ്ങളിലേക്ക് അധിക ബോട്ടുകൾ ഏർപ്പെടുത്തി അവശ്യസാധനങ്ങൾ എത്തിച്ചു. 75ലോഡ് അരി ക്യാമ്പുകളിലേക്ക് വിതരണംചെയ്തു. മറ്റ് ഡിപ്പോകളിൽനിന്നും അരിയെത്തിക്കും. അത്യാവശ്യഘട്ടങ്ങളിൽ പൊതുവിപണിയിൽനിന്ന് അരിയും പച്ചക്കറിയും വാങ്ങാൻ പണമോ ഉത്തരവുകളോ തടസമല്ലെന്ന് സർക്കാർ നിർദേശമുണ്ട്.

പാചകവാതക സിലിൻഡറുകൾ ആവശ്യത്തിന് എത്തിച്ചു. ആവശ്യത്തിന് സ്റ്റോക്കുണ്ടെന്ന് ബിപിസിഎൽ അറിയിച്ചു.

1,000 രൂപ വരുന്ന പച്ചക്കറിയടങ്ങിയ 150 കിറ്റുകൾ തിങ്കളാഴ്ച മാത്രം കുട്ടനാട് താലൂക്ക് ഓഫീസിന്റെ നേതൃത്വത്തിൽ വിതരണംചെയ്തു. 11 ഫ്ലോട്ടിങ് ഡിസ്പെൻസറികൾക്കു പുറമേ ക്യാമ്പുകളിൽ അടിയന്തര ചികിത്സ ഉറപ്പാക്കാൻ ജല ആംബുലൻസ് സർവീസ്തുടങ്ങി. മൂന്നെണ്ണം കൂടി ഉടൻ തുടങ്ങും. ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യവും ജലഗതാഗത വകുപ്പും സംയുക്തമായി ബോട്ടുകളിൽ മെഡിക്കൽ സംഘം പരിശോധന നടത്തുന്നു. എലിപ്പനി പ്രതിരോധ മരുന്നുൾപ്പെടെ വിതരണംചെയ്തു. അടിയന്തര സാഹചര്യം നേരിടാൻ ജനറൽ ആശുപത്രിയിലും മെഡിക്കൽ കോളേജിലും 24 മണിക്കൂർ മെഡിക്കൽ ടീമിനെ സജ്ജമാക്കി.

അവശ്യമരുന്നുകളുടെ ലഭ്യത ആരോഗ്യ വകുപ്പ് ഉറപ്പാക്കി. ബ്ലീച്ചിങ് പൗഡറിന്റെ കരുതൽ ശേഖരം വർധിപ്പിച്ചു. മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ വളർത്തുമൃഗങ്ങളെ പരിശോധിക്കാൻ സഞ്ചരിക്കുന്ന ഡിസ്പെൻസറിയും സജ്ജം.

ദേശീയ ദുരന്തനിവാരണ സേനയുടെ 37 അംഗ സംഘവും നാവികസേനയുടെ 30 അംഗ സംഘവും ദുരന്തമുഖത്ത് സർവസന്നാഹങ്ങളുമായി രംഗത്തുണ്ട്. സർക്കാരിന്റെയും ജില്ലാ ഭരണവൃന്ദത്തിന്റെയും അഭ്യർഥന പ്രകാരമാണ് നടപടി.

വെള്ളമിറങ്ങുന്ന മുറയ്ക്ക് ശുചിത്വമുറപ്പാക്കാൻ ക്ലോറിനേഷനുൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ ആരോഗ്യപ്രവർത്തകർ സജ്ജം. വൈദ്യുതി തടസം പരിഹരിക്കാനും വെള്ളം വറ്റിക്കാൻ ജനറേറ്ററുകൾ സജ്ജമാക്കാനും കെഎസ്ഇബിക്ക് നിർദേശമുണ്ട്.

മടവീഴ്ചമൂലമുണ്ടായ നാശം വിലയിരുത്തി അടിയന്തര തുടർനടപടിക്ക് പ്രിൻസിപ്പൽ കൃഷി ഓഫീസറെ ചുമതലപ്പെടുത്തി. ആർ ബ്ലോക്കിൽ 3 പെട്ടിയും പറയും സ്ഥാപിക്കും. മടവീഴ്ചയുണ്ടായ പാടശേഖരങ്ങൾ മന്ത്രി വി എസ് സുനിൽകുമാർ സന്ദർശിച്ച് അടിയന്തര നടപടിക്ക് നിർദേശം നൽകി.